ഉത്തരം

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസനവകുപ്പിന് 230 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശദ്ധ ക്ഷണിക്കൽ

(1) ഇടുക്കി ജില്ലയിലെ ഹാരിസൺ മലയാളം കമ്പനിവക സൂര്യനെല്ലി എസ്റ്റേറ്റിലെ പണിമുടക്ക്

ശ്രീ. ജി. വരദൻ: സർ, ഇടുക്കി ജില്ലാവിൽ ഉടുമ്പൻചോല താലൂകാവിൽ ഹാരിസാൻ മലയാളം കമ്പെനി 9.30 A.M. വൈക സൂരിയനെല്ലി എസ്റ്റേറ്റിൽ കടന്ത മേ മാതം 5-ാം തിയതി മുതൽ 3100 തൊഴിലാളികൾ വേലെ നിറുത്തത്തിൽ പങ്കു കൊട്ടിരുക്കിറ്റർകൾ. വേലെ നിറുത്തതിക്തിറ്റ്കു കാരണം കുണ്ടുമലെ ടിവിഷൻ അസിസ്ടൻറ് മേനേജർ 12 വയതാന ഒരു സിറുവനെ അടിക്കവും അതെ മുൻനിട്ടു അങ്കുള്ള തൊഴിലാളർകൾ ഒൻറു സേർന്തു ഇവ്വാറു അടിത്തതു തവറു എൻറു സൊൻനുർകൾ. അതൈ തൊടർൻതു തൊഴിലാളർകൾ 8 മണി നേരം വേലെ സെയ്യ വേൺടുമെൻറ സട്ടം ഇരുക്കുമ്പോതു 9 മണി നേരം വേലെ സെയ്യ് വേൺടുമെൻറു മേനേജ്മെൺടു കട്ടായപ് പടുത്തിയതു. അപ്പടി സെയ്യ മുടിയാതു എൻറു സൊൻന വർകളൈ വേലൈയിലിരുൻതു നീക്കുവതർകു കൊടുരമാന നടവടിക് കൈകൾ മേനേജ്മെൺടു എടുക്കപ്പട്ടതു. തൊഴിലാളർ കളുക്കു കായ്കറി തോട്ടങ്കളീ ഇരുക്കലാം, സൊൻതമാന പശുക്കളൈ വളർത്തലാം എൻറെല്ലാം പ്ലാൺടേഷൻ ആക്ടിൽ ഇരുൻതപോതുമ് സൂരിയനെല്ലി മേനേജ്മെൺടു തൊഴിലാളർകൾ പെയരിൽ കടുമൈയാന നടവടിക്കൈകൾ എടുക്കപ്പട്ടിരുക്കിറതു. ഇൻത നടവടിക്കൈ എടുക്കപ്പട്ടതൻ മൂലമാക, കടുമൈയാക ഉഴൈക്കക് കൂടിയ പാട്ടാളി ഇനത്തൈച് സേർൻത ഏഴൈ തൊഴിലാളർകൾ 8 മണിയിലിരുൻതു 9 മിനിട് താമതമാക വൻതാൽ അവർകളുക്കു വേലൈ കിടൈയാതു. ഹാരിസൻ മലയാളം കമ്പെനി അങ്കുള്ള തൊഴിലാളർകൾ മീതു കടുമൈയാന നടവടിക്കൈകൾ എടുത്തു കൊൺടിരുക്കിറതു. നമതു അമൈച്ചർ അവർകൾ ഒരു കാൺപിരൻസ് നട്ത്തിനർ.

LIBRARY ARCHIVES Kerala Legislative Assembly

ആണ്ടൽ അതൻ മൂലമാക എന്തവിതമാന തീരുമാനമും കാണ മുടിയവില്ലെ. നാൻ ഏൻ ഇന്ത സഭൈയിൻ കവനത്തിൽ കൊണ്ടു വന്തിരുക്കിറേൻ എൻറാൽ അന്ത തൊഴിലാളർകൾ വേലൈ നിറുത്തം ചെയ്യത് തൊടങ്കി 50 നാട്കൾ വരൈ ആകിൻറതു: അവർകളിടമ് റേഷൻ വാങ്കുവതർകു പണമ് കിടൈയാതു. എനവേ അവർകൾ പട്ടിണിയാൽ മികവുമ് കഷ്ടപ് പടുകിറാർകൾ. അങ്കു പട്ടിണി മരണമ് ഏറ്പടുമ്. അങ്കുൾള തേയിലൈത് തോട്ടങ്കളിൽ തേയിലൈച് ചെടിയൽലാമൽ വേറു എന്തവിതമാന ചെടികളുമ് കിടൈയാതു. മേലുമ് അവർകളുക്കു മരുന്തു വാങ്കുവതർകു പണമ് കിടൈയാതു. അങ്കുൾള ടാക്ടർ ആൽപത്തിരിയൈ പൂട്ടിവിട്ടു പോയ്വിട്ടാർ. അന്തത് തൊഴിലാളർകളുക്കു നോയ് വന്താൽ അവർകളുക്കു മരുന്തു കിടൈയാതു. അവർകളിൽ 90% മക്കളുമ് തമിഴ് പേചക്കൂടിയവർകൾ. അവർകളിൽ പെരുമ്പാലാനോരുമ് തമിഴ് നാട്ടിലിരുന്തു വന്തവർകൾ. അവർകളുക്കു അവർകളുടൈയ ഊരുക്കു തിരുമ്പിപ് പോക മുടിയാതു. എനവേ അന്ത ഏഴൈ തമിഴ് മക്കളിൻ പിരച്ചനൈയിൽ നമതു അരചു ഹാരിസൻ മേനേജ്മെൺടിൻ പീടിവാതത്തിറ്കു അടിപണിവതു ചരിയല്ലെ. ആകൈയാൽ നമതു അരചു അവർകളുടൈയ വേലൈ നിറുത്തമ് മുടിവതു വരൈയിലുമ് അവർകളുക്കു ഇലവച റേഷൻ കൊടുപ്പതറ്കാന നടവടിക്കൈകൾ മേറ്കൊൾള വേൺടുമ്. അതുപോൽ നമതു മുതലമൈച്ചർ അവർകൾ അവർകളുക്കു മരുത്തുവ വചതി കിടൈപ്പതറ്കു തേവൈയാന നടവടിക്കൈ കളൈയുമ് എടുക്ക വേൺടുമെൻറു പണിവാക കേട്ടുക് കൊൾകിറേൻ. അതുമട്ടല്ലാമൽ അന്ത തൊഴിലാളർകളുടൈയ പിരച്ചനൈകളുക്കു ഉടനടിയാക തീർവു കാണ വേൺടുമെൻറുമ് കേട്ടുക്കൊൾകിറേൻ.

[അദ്ധ്യക്ഷവേദിയിൽ (ശ്രീ. കെ. പി. എ. മജീദ്)]

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാന പ്പെട്ട മെമ്പർ അവിടെ ഡിസ്മിസ്സലിനേയും സസ്പെൻഷനേയു, തുടർന്ന് സമരമുണ്ടായി എന്നാണ് നോട്ടീസ് എഴുതിത്തന്നിരിക്കുന്നത്. യഥാർത്ഥത്തിൽ അങ്ങനെയല്ല പ്രശ്നങ്ങൾ ആരംഭിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെതന്നെ ക്യാറ്റിൽ പ്രോബ്ളം, ക്ലീനിംഗ്, കിച്ചൻ, ഗാർഡൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സാധാരണമായിട്ടുള്ള ചില പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഡിമാൻറ് മാനേജ്മെൻറിന് നൽകി യിരുന്നു. അവിടെ വിറക് മോഷണം പോകുന്നുവെന്ന് മാനേജു മെൻറിനു പരാതിയുണ്ടായിരുന്നു. ഇതുസംബന്ധിച്ച് തോട്ടത്തിലെ ഒരു വർക്കറുടെ മകനെ മാനേജർ അടിച്ചുവെന്ന് തൊഴിലാളികളും അതല്ല മാനേജരെ തൊഴിലാളികളെല്ലാംകൂടി കയ്യേറ്റംചെയ്തു എന്ന് തിരിച്ചും ആരോപണമുണ്ട്. എന്തായാലും ഒരു സംഘർഷമുണ്ടായി. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് തൊഴിലാളികളെ സസ്പെൻറുചെയ്യുകയും ചെയ്തു. ആ പശ്ചാത്തലത്തിൽ ജോലിചെയ്യുന്നതിന് 10 മിനിറ്റ് ഗ്രേസ് ടൈം വേണമെന്നുള്ള വാദം യൂണിയൻെറ ഭാഗത്തുനിന്നും ഉണ്ടായതായിട്ടാണ് മാനേജ്മെൻറ് പറയുന്നത്. അതല്ല അവർക്ക് അവിടെ അങ്ങനെ ഒരു കൺവെൻഷൻ ഉണ്ടായിരുന്നുവെന്നും തൊഴിലാളികളും പറയുന്നു. അതിനെത്തുടർന്ന് സമയത്തിന് ജോലിക്കുവരാതിരുന്ന തൊഴിലാളികൾക്ക് മാനേജ്മെൻറ് ജോലി നിഷേധിച്ചു. എത്രമിനിറ്റ് താമസിച്ചുവോ അത്രയുംമിനിറ്റ് വൈകുന്നേരം കൂടുതൽ ജോലിചെയ്യണമെന്നുള്ള വാദം മാനേജ്മെൻറ് ഉന്നയിച്ചു. അത് സാധിക്കുകയില്ലെന്ന് യൂണിയൻ പറഞ്ഞതിനെത്തുടർന്ന് അത് സമരത്തിലേക്ക് നീങ്ങുകയാണുണ്ടായത്. ഇതിനെസംബന്ധിച്ച് കൺസീലിയേഷനുകൾ നിരവധി തവണ നടത്തുകയുണ്ടായി. എൻെറ ലവലിലും കൺസിലിയേഷൻ നടത്തി. പക്ഷേ വയലൻസിനെ തുടർന്നുണ്ടായ പ്രശ്നങ്ങളിൽ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ സാധിക്കാതെ പോകുകയാണുണ്ടായത്. തുടർന്ന് 2-7-1986 4 മണിക്ക് ഇതിനെക്കുറിച്ച് ചർച്ചചെയ്യാൻ ഇവിടെ ഒരു കോൺഫറൻസ് വച്ചിട്ടുണ്ട്. ആ കോൺഫറൻസിൽവച്ച് ഇതിന് ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(2) പുനലൂർ പേപ്പർമിൽ അടച്ചിട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി ചോദ്യോത്തരവേളയിൽ ഇവിടെ പുനലൂർ പേപ്പർമില്ലിലെ സ്ഥിതിയെപ്പറ്റി വിവരിച്ചു. കഴിഞ്ഞ മേയ്മാസം 8-ാം തീയതിമുതൽ പുനലൂർ പേപ്പർമിൽ ബോംബെ ഹൈക്കോടതിയുടെ റിസീവർ രേണത്തിൻകീഴിലാണ്. സർ, ഒരു വ്യവസായസ്ഥാപനത്തിൽ ഹൈക്കോടതിറിസീവർ രേണം ഏറെറടുക്കുമ്പോൾ, ആ മില്ലിൻെറ ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ആ മില്ലിന് എവിടെയെല്ലാം ബാദ്ധ്യതയുണ്ടോ ആ ബാദ്ധ്യതകളൊക്കെ തീർക്കുവാൻ ഹൈക്കോടതി ഉത്തരവിട്ടപ്പോൾ, രണ്ടായിരത്തിലധികംവരുന്ന തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും അവർ മറന്നിരിക്കുകയാണ്. തെക്കേ ഇന്ത്യയിലെ ഏറവും പുരാതനമായ ഈ പേപ്പർമില്ലാണ് ഇന്ന് രണ്ടായിരം കുടുംബങ്ങളുടെ ആശാകേന്ദ്രം. പുനലൂർ പേപ്പർമില്ലിൻെറ പുകക്കുഴലിൽകൂടി പുക ഉയരുന്നില്ലെങ്കിൽ അതിൻെറ അർത്ഥം ആ ഫാക്ടറിയിലെ രണ്ടായിരം കുടുംബങ്ങളുടെ വീടുകളിൽ തീ കത്തിക്കുന്നില്ലെന്നാണ്.

ഈ പേപ്പർമില്ലിനെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. തൊഴിലാളികൾ ഒരു ദീർഘകാല കരാറിനുവേണ്ടിയുള്ള സമരത്തിന് നോട്ടീസ് കൊടുത്തു. ദീർഘകാലകരാർ നടപ്പിലാക്കേണ്ടതു് അടിയന്തിരമായ ആവശ്യമാണെന്നും അതിനെക്കുറിച്ച് ചർച്ചചെയ്യുന്നതിന് മാനേജ്മെൻറ് തയ്യാറാകണമെന്നും പറഞ്ഞാണ് വിവിധ ട്രെയ്ഡ് യൂണിയനുകൾ ചേർന്ന് മാനേജ്മെൻറിന് നോട്ടീസ് സമർപ്പിച്ചത്. എന്നാൽ അംഗീകൃത ട്രെയ്ഡ്യൂണിയനുകൾക്ക് നോട്ടീസ് പോലും കൊടുക്കാതെ

LIBRARY ARCHIVES Kerala Legislative Assembly